## 60

# ശേഷം സംഭവം

## ലൂക്കൊസ് 15:25- 32, ഒരടുത്ത നോട്ടം

"ശേഷം സംഭവം" പറയുന്നതിൽ അറിയപ്പെടുന്ന റേഡിയോ വിവരണക്കാരനാണ് പോൾ ഹാർവേ. യേശു കാണാതെ പോയ ആട്, ദ്രവ്യം, മകൻ, എന്നിവ പറഞ്ഞശേഷം അവൻ വീട്ടിലുണ്ടായിരുന്ന മൂത്തമകനെക്കുറിച്ചുള്ള – "ശേഷം സംഭവം" നൽകി (ലൂക്കൊസ് 15:25–32). ഹാർവേയുടെ "ശേഷം സംഭവം" പൊതുവിൽ ഉയർത്തുന്നതാണ്, എന്നാൽ മുടിയനായ പുത്രന്റെ "ശേഷം സംഭവം" മങ്ങലേൽപ്പിക്കുന്നതാണ്. ആ പ്രസ്താവനയുടെ ഈ ഭാഗം, യേശു പാപികളുടെ സ്നേഹിതനാണെന്ന് വിമർശിച്ചതായ പരീശന്മാരോടുള്ളതായിരുന്നു (ലൂക്കൊസ് 15:1–3).

ലൂക്കൊസ് 15 ലെ "ശേഷം സംഭവം" എനിക്ക് വിറയൽ ഉണ്ടാക്കുന്നതാണ് കാരണം രണ്ട് സഹോദരന്മാരിൽ മൂത്തയാളാണ് ഞാൻ. പഴയനിയമ കാലത്ത്, മൂത്ത മകന് ഇളയമകനേക്കാൾ ഇരട്ടി ഓഹരി ലഭിച്ചിരുന്നു (ആവർത്തനപുസ്തകം 21:17); അതുകൂടാതെ, മൂത്തമകൻ ആകുന്നതിൽ മറ്റൊരു നേട്ടവും ഇല്ലായിരുന്നു. പലപ്പോഴും മുത്തമകനിൽ നിന്ന് അധികം പ്രതീക്ഷിച്ചിരുന്നു, ആ പ്രതീക്ഷകൾ അനുസരിച്ച് ജീവിക്കുക പ്രയാസമായിരുന്നു.[1] സത്യം പറഞ്ഞാൽ ബൈബിളിലെ മൂത്ത മക്കളിൽ മിക്കപേരും നല്ലവരായിരുന്നില്ല:[2] മൂത്ത സഹോദരനായിരുന്ന കയ്യീൻ തന്റെ ഇളയ സഹോദരനെ കൊന്നു (ഉല്പത്തി 4). മൂത്ത സഹോദരനായിരുന്ന ഏശാവിന് മൂല്യബോധമില്ലായിരുന്നു (ഉല്പത്തി 25:29–34). ദാവീദിന്റെ മൂത്ത സഹോദരന്മാരിൽ ഒരാളിൽ നിന്ന് ദാവീദിന് പ്രയാസം നേരിട്ടിരുന്നു (1 ശമുവേൽ 17:28).

സുപ്രധാനമായി ലൂക്കൊസ് 15 ലെ "ശേഷം സംഭവം" എനിക്ക് വിറയലുണ്ടാക്കുവാൻ കാരണം യേശു ചിത്രീകരിച്ച ആ മൂത്ത മകനെപ്പോലെയാണ് ചിലപ്പോൾ ഞാൻ. വാക്യം 25 മുതൽ 30 വരെ സ്വയ–പരിശോധനക്ക് എന്നെ നിർബന്ധിക്കുന്നു. ഒരു പക്ഷെ അത് നിങ്ങളേയും അങ്ങനെ ആക്കിയേക്കാം.

### വീട് വിട്ടുപോകാതെ "ദൂരെ പോകുവാൻ" സാധ്യതയുണ്ട് വാക്യം 25-30

മൂത്ത സഹോദരന് ചില നല്ല ഗുണങ്ങൾ ഉണ്ടായിരുന്നു: അവൻ മത്സരിയായിരുന്നില്ല, അവൻ വീട്ടിൽനിന്നും ദൂരെ പോയിരുന്നില്ല, രാത്രിയിൽ അവൻ എവിടെ ആയിരിക്കുമെന്ന് അവന്റെ മാതാപിതാക്കൾ ഭയപ്പെട്ടിരുന്നില്ല. അവൻ അലസൻ ആയിരുന്നില്ല: അവൻ വർഷങ്ങളോളം അവന്റെ അപ്പനെ വിശ്വസ്തമായി സേവിച്ചു (വാ.29), അവന്റെ സഹോദരൻ വീട്ടിലേക്ക് മടങ്ങിവന്നപ്പോൾ അവൻ "വയലിൽ ആയിരുന്നു" (വാ.25; ഉല്പത്തി 3:19 നോക്കുക). അവൻ അധാർമികനായിരുന്നില്ല: അവൻ സ്പഷ്ടമായും ജഡീകപാപത്തിന് എതിരായിരുന്നു (വാ.30), അതുകൊണ്ട് ഒരുപക്ഷെ

അവൻ നല്ല ധാർമികനായി ജീവിച്ചുകാണും. എങ്കിലും, അവൻ വീട് വിട്ട് പോകാതെതന്നെ തന്റേതായ "ദൂരദേശത്തേക്ക്" പാപസംബന്ധമായി പോയിരുന്നു.[3]

(1) അവൻ സ്വയം–നീതീകരിക്കുന്നവനായിരുന്നു: "*ഞാൻ* നിന്റെ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല"(വാ.29; എംഫസിസ് മൈൻ). ചിലപ്പോൾ നാം മറ്റുള്ളവരെക്കാൾ ശ്രേഷ്ടന്മാരാണെന്ന് വിചാരിക്കും കാരണം അവർ ചെയ്യുന്ന പാപം നാം ചെയ്തിട്ടില്ല. ജഡത്തിലെ പാപത്തെപ്പോലെതന്നെ ഹൃദയത്തിലെ പാപവും പെട്ടെന്ന് നമ്മെ നശിപ്പിക്കും.

(2) അവൻ വിധിക്കുന്നവൻ ആയിരുന്നു: "വേശ്യമാരോടുകൂടി നിന്റെ മുതൽ തിന്നുകളഞ്ഞ... ഈ മകൻ" (വാ.30). കുറ്റാരോപണം ഒരുപക്ഷേ ശരിയായിരിക്കാം; ഒരുപക്ഷേ തെറ്റായിരിക്കാം ചിലപ്പോൾ അവസരം കിട്ടിയാൽ നാം കുറ്റക്കാരായി തീരുമെന്നുള്ളതുകൊണ്ട് മറ്റുള്ളവരെ സംശയിച്ച് കുറ്റപ്പെടുത്തുന്നു.

(3) അവൻ ക്ഷമിക്കാത്തവനായിരുന്നു (വാ.28–30).

(4) അവൻ മറ്റുള്ളവരെക്കുറിച്ച് കരുതാതെ സ്വയത്തിൽ–കേന്ദ്രീകരിച്ചവനായിരുന്നു (വാ.29, 30). പരീശന്മാരെപ്പോലെ അവൻ നഷ്ടപ്പെട്ടവരെക്കുറിച്ച് വിചാരമില്ലാത്തവനായിരുന്നു.

(5) അവൻ കോപാകുലനായിരുന്നു[4] (വാ.28).

(6) അവൻ തന്റെ അപ്പനോട് പരുഷമായി പെരുമാറുകയും, പക്ഷഭേദം കാണിക്കുന്നു എന്ന് കുറ്റപ്പെടുത്തുകയും ചെയ്തു: "... നീ ഒരിക്കലും ഒരാട്ടിൻകുട്ടിയെ തന്നിട്ടില്ല, ... എന്നാൽ ... ഈ നിന്റെ മകൻ വന്നപ്പോഴേക്കോ തടിപ്പിച്ച കാളക്കുട്ടിയെ *അവന്*വേണ്ടി അറുത്തുവല്ലോ" (വാ.29; എംഫസിസ് മൈൻ).

(7) അവൻ നന്ദിയില്ലാത്തവനും പരാതിപ്പെടുന്നവനും ആയിരുന്നു (വാ.29, 30). അവനുള്ളതിനെ അവൻ അനുമോദിച്ചിരുന്നില്ല.

(8) അവൻ പരുപരുത്തവനായിരുന്നു. അവൻ തന്റെ സഹോദരനെ സഹോദരനായി കാണുവാൻ കഴിഞ്ഞിരുന്നില്ല ("ഈ *നിന്റെ* മകൻ" എന്നാണ് പറഞ്ഞത് [വാ.30; എംഫസിസ് മൈൻ]). തന്റെ സഹോദരൻ വീട് വിട്ട് പോയപ്പോൾ, "നന്ദായി ആ ചവറ് പോയല്ലോ," എന്ന് വിചാരിച്ചുകാണും.[5]

(9) അവൻ അസൂയാലു ആയിരുന്നു.

(10) അവൻ സന്തോഷം–നശിപ്പിക്കുന്നവനായിരുന്നു. അവൻ തന്റെ അപ്പന്റെ സന്തോഷം കെടുത്തുവാൻ ശ്രമിച്ചു (സദൃശവാക്യങ്ങൾ 17:22).

(11) അവൻ ഒരു കുഴപ്പക്കാരൻ ആയിരുന്നു. സന്തോഷിക്കുന്ന കുടുംബത്തിന്റെ യോജിപ്പ് അവൻ ഇല്ലാതാക്കി.

(12) അവൻ ഒരു സംശയാലു ആയിരുന്നു. അവന്റെ ചിന്തകളെല്ലാം നിഷേധാത്മകമായിരുന്നു.

മൂത്ത സഹോദരന് *മനോഭാവ* പ്രശ്നമായിരുന്നു. മോശമായ മനോഭാവം വിധിയെ തിരിച്ചുകളയുന്നു. തന്റെ സഹോദരൻ മടങ്ങിവന്നപ്പോൾ ആ മനുഷ്യന്റെ പ്രതികരണം നമ്മിലേക്ക് ഒരു ചോദ്യം ഉന്നയിക്കുന്നു, "അവൻ *എന്തിന്* വീട്ടിൽ തന്നെ താമസിച്ചു; അവൻ *എന്തിന്* വിശ്വസ്തൻ ആയിരുന്നു?" തീർച്ചയായും, പ്രതിഫലത്തിനു വേണ്ടിയായിരുന്നു. നന്മ ചെയ്യുന്നത് സ്പഷ്ടമായും തെറ്റായിപ്പോയി എന്ന വിചാരമായിരുന്നു അവനിൽ ഉണ്ടായിരുന്നത്.

മൂത്ത സഹോദരനിൽ ഉണ്ടായിരുന്ന ഇരുണ്ട വശം തന്റെ സഹോദരൻ മടങ്ങിവരുന്നതുവരെ പുറത്തേക്ക് വന്നില്ല. ചില സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിൽ വരുമ്പോൾ നമ്മിലുള്ള മോശമായവ പുറത്ത് വരികയും, നമ്മെ താഴ്ത്തുകയും ചെയ്യും.

### അഹങ്കാരം വിട്ടുകളയാതെ "തിരിച്ചുവരുവാൻ" സാധ്യമല്ല. (വാ.31, 32)

മടങ്ങിവന്ന മുടിയനായ പുത്രനോട് അപ്പൻ കരുണകാണിച്ചു; ഇപ്പോൾ അവൻ തന്റെ മൂത്ത പുത്രനോടും കരുണ കാണിക്കുന്നു. ഞാൻ പരുഷ മായി പറഞ്ഞേനേ: "നന്ദിയില്ലാത്തവനെ! ഒരു ശിശുവിനെപ്പോലെ ചെയ്യു ന്നത് നിർത്തുക! അലഞ്ഞ് തിരിഞ്ഞിട്ട് ഇപ്പോൾ വീട്ടിൽ കയറുവാൻ വന്നി രിക്കുന്നുവോ!'' അതിനുപകരം, ആ അപ്പൻ ക്ഷമയോടെ സംസാരിച്ചു. മറ്റൊരു പുത്രൻ നഷ്ടമാവുന്നത് അവന് ഇഷ്ടമായിരുന്നില്ല. അപ്പന്റെ വാക്കു കൾ ചുരുക്കമായിരുന്നു, നാം ആ മുത്ത–സഹോദരന്റെ ലക്ഷണമുള്ളവരാ ണെങ്കിൽ, നമുക്ക് വരുത്തേണ്ടതായ മാറ്റങ്ങൾ അതിൽ ചുരുക്കിപ്പറയുന്നു:[6]

(1) നിങ്ങളുടെ അനുഗ്രഹങ്ങളെ എണ്ണുക (വാ.31): ദൈവത്തിന്റെ *സാന്നിധ്യ*വും ("നീ എപ്പോഴും എന്നോടുകൂടെ ആയിരുന്നു") ദൈവത്തിൽ നിന്ന് ധാരാളം *സമ്മാനങ്ങ*ളും ("എനിക്കുള്ളതെല്ലാം നിന്റേത്").

(2) നിങ്ങളുടെ ബന്ധം നോക്കുക[7] (വാ.32; "ഈ നിന്റെ മകൻ" (വാ.30) അതിനെതിരായി. "ഈ നിന്റെ സഹോദരൻ" (വാ.32).

(3) നിങ്ങളുടെ മനസ്സലിവ് വളർത്തിയെടുക്കുക. അപ്പൻ പറഞ്ഞു, "നാം തിന്നുകയും ആനന്ദിക്കയും *ചെയ്യുക* ..." (വാ.32; എംഫസിസ്മൈൻ). "അത് ആവശ്യമായിരുന്നു" എന്നാണ് മൂല വേദഭാഗത്തിൽ.

മൂത്ത സഹോദരന് ശരിയായ മനോഭാവം ഉണ്ടായിരുന്നു എങ്കിൽ, അവൻ മേശപ്പുറത്തിരുന്ന് തിന്നുകയും, ഗാനമാസ്വദിക്കുകയും നല്ല മാംസം ഭക്ഷി ക്കുകയും ചെയ്യുമായിരുന്നു. അതിനുപകരം, ഇരുട്ടിൽ ഇരിക്കുകയായിരു ന്നു.അവനിൽ ആത്മാവിന്റെ ഫലങ്ങൾ ഇല്ലായിരുന്നു (ഗലാത്യർ 5:22, 23). നമ്മുടെ ഹൃദയങ്ങളിൽ "ഫലം" ഉണ്ടെങ്കിൽ ബന്ധങ്ങളിലുള്ള പ്രശ്നങ്ങൾ മിക്കവയും പരിഹരിക്കപ്പെടും.

### ഉപസംഹാരം

മൂത്ത സഹോദരന് എന്ത് സംഭവിച്ചു? അവൻ അപ്പനെ അനുസരിച്ച് ആഘോഷത്തിൽ എല്ലാവരോടും പങ്കുചേരുവാൻ അവൻ വീട്ടിലേക്ക് വന്നോ? യേശു അത് പറഞ്ഞിട്ടില്ല. നിങ്ങൾ ആത്മീയമായി "മൂത്ത സഹോ ദരനെപ്പോലെ" ആണെങ്കിൽ മാറുവാൻ പ്രയാസമാണ്. ക്രിസ്തുവിന്റെ ഉ ദ്ദേശം പരീശന്മാരെ കുറ്റപ്പെടുത്തുകയായിരുന്നു, മിക്ക പരീശന്മാരും മാറി യില്ല. എങ്ങനെ ആയാലും, അവരിൽ കുറച്ചുപേർ മാറി (പ്രവൃത്തികൾ 15:5; 23:6; 26:5; ഫിലിപ്പിയർ 3:5) – അതുകൊണ്ട് പ്രത്യാശയുണ്ട്!

### പ്രസംഗക്കുറിപ്പുകൾ

ഈ ചുരുങ്ങിയ പഠനത്തെ നിങ്ങൾക്ക് വിപുലപ്പെടുത്തി ഒരു മുഴുവൻ പ്രസംഗമായി "മൂത്ത സഹോദരൻ," എന്നത് ഉപയോഗിക്കാം. സാധ്യതയുള്ള മറ്റ് തലക്കെട്ടുകൾ "ചവർപ്പുള്ള വിശുദ്ധൻ," "വീട്ടിൽ തന്നെ ആയിരുന്ന

ബാലൻ," "ദൂരദേശം വീട്ടിൽ ആകുമ്പോൾ." നിങ്ങൾക്ക് വേണമെങ്കിൽ ഞായ റാഴ്ച്ച കാലത്ത് "ദൂരദേശത്ത് നഷ്ടപ്പെട്ടു" (ഇളയമകൻ) എന്നതും വൈകു ന്നേരത്തെ ആരാധനക്കോ അല്ലെങ്കിൽ ആഴ്ചയുടെ മദ്ധ്യത്തിലുള്ള ആരാ ധനക്കോ "വീട്ടിൽ നഷ്ടപ്പെട്ടു" (മൂത്തമകൻ). എന്നതും പ്രസംഗിക്കാം.

---

**കുറിപ്പുകൾ**

[1]സാമൂഹ്യകർത്താക്കൾ പറയുന്നതനുസരിച്ച് കുട്ടികളുടെ ജനനക്രമം അവരുടെ വ്യക്തിത്വത്തെ ബാധിക്കും എന്നാണ്. നിങ്ങൾക്ക് വേണമെങ്കിൽ ഇതിനെ വിപുലപ്പെ ടുത്താം. [2]ഇതിന് ഒഴികഴിവുള്ളത് യേശുവിനാണ്, അവനു ഇളയ അർത്ഥ–സഹോദര ന്മാരും അർത്ഥ–സഹോദരിമാരും ഉണ്ടായിരുന്നു. [3]താഴെക്കൊടുത്തിരിക്കുന്ന ലിസ്റ്റിൽ പരാമർശങ്ങളും ഉൾപ്പെട്ടിരിക്കുന്നു, ചിലത് ആവർത്തിക്കപ്പെടുന്നുണ്ട്. നിങ്ങളുടെ ശ്രോതാക്കൾക്ക് ഏറ്റവും പ്രായോഗികമായ പാപങ്ങൾ എടുത്ത് യോജിക്കുന്ന വാക്യ ങ്ങളും പറയുക. നിങ്ങൾക്ക് വേണമെങ്കിൽ പരീശന്മാരുടെ തെറ്റുകൾ ഓരോന്നും ചിത്രീ കരിക്കാം. [4]ഇത് എന്റെ ഊഹമായിരിക്കാം, പക്ഷെ മുമ്പത്തേക്കാളധികം ലോകത്തിൽ ഇപ്പോൾ കോപം ഉള്ളവരാണ് ഉള്ളത് എന്ന് തോന്നുന്നു. പത്രങ്ങളുടെ തലക്കെട്ടുകളി ലെല്ലാം കോപമുള്ള ആളുകളുടെ അതിക്രമങ്ങളാണ്. നിങ്ങൾക്ക് വേണമെങ്കിൽ ദേഷ്യ ത്തിന്റെ കാരണങ്ങൾ വിശദമാക്കാം. [5]ഞാൻ വളർന്ന സ്ഥലത്ത് ഉണ്ടായിരുന്ന ഒരു പഴ ഞ്ചൊല്ലാണിത്. നിങ്ങളുടെ പ്രദേശത്തും ഇത് പോലെയുള്ളത് കാണാം. [6]വീണ്ടും, വാക്യം 31, 32–നെ കുറിച്ചുള്ള നിങ്ങളുടെ ചിന്തയെ ജ്വലിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാത്ര മാണിത്. നിങ്ങളുടെ ചിന്തകൾ വിപുലമാക്കി യോജിച്ച വാക്യങ്ങളും ചേർക്കുക. നിങ്ങൾക്ക് വേണമെങ്കിൽ രണ്ട് മുഖ്യ പോയിന്റുകളിൽ ലിസ്റ്റുകൾ ബന്ധിപ്പിക്കാം. [7]എല്ലാ പാപികളുമായി നാം ബന്ധപ്പെട്ടിരിക്കുന്നു: ക്രിസ്തു മൂലം ദൈവത്തോടടുത്തിട്ട് അവി ശ്വസ്തരായ ദൈവമക്കളുമായി നാം ബന്ധപ്പെട്ടിരിക്കുന്നു; ആദാം മുഖാന്തരം പാപത്തിൽ ജീവിക്കുന്നവരുമായി നാം ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ, നമുക്ക് എല്ലാവർക്കും പൊതു വായ പിതാവാണുള്ളത്.